വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ

Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2022
ഒക്ടോബർ 2

ഏലിയ സ്ലീവാ മൂശാ നാലാം ഞായർ

മഹത്വത്തിന്റെ മറുപുറം

ഉത്പ 41:37-45; ഹെബ്രാ 1:1-4; യോഹ: 12:27-36

സഹനവും മഹത്വവും തമ്മിൽ എന്തു ബന്ധം? യേശുവിന്റെ കാലത്തെ ഗ്രീക്ക് - റോമൻ സംസ്കാരത്തിൽ മഹത്വത്തിന്റെ നേരെ വിപരീതമായി ഗണിക്കപ്പെട്ടിരുന്ന കാര്യങ്ങളായിരുന്നു സഹനവും അപമാനവും. ഈ പശ്ചാത്തലത്തിലാണ് ക്രിസ്തുവിൽ ഈ പരമ്പരാഗത വൈരുദ്ധ്യങ്ങൾ കൂട്ടിയിണക്കപ്പെടുന്നത്. ഇന്നത്തെ സുവിശേഷം പരിശോധിക്കാം. യേശു വല്ലാതെ പര്യാകുലനാകുന്നതാണ് നാം ആദ്യം കാണുന്നത്. 'ഇപ്പോൾ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു. ഞാൻ എന്തു പറയേണ്ടൂ? പിതാവേ, ഈ മണിക്കൂറിൽ നിന്ന് എന്നെ രക്ഷിക്കണമേ!' ഒരു നിലവിളിയാണിത്. വരാനിരിക്കുന്ന നിന്ദാപമാനങ്ങളെ ഉൾക്കണ്ണിൽ കണ്ടുള്ള വിലാപം. എന്നാൽ ക്രിസ്തു അവിടെ നിൽക്കുന്നില്ല, ആ നിലവിളിച്ചെന്ന് അവസാനിക്കുന്നത് 'പിതാവേ, അങ്ങയുടെ നാമത്തെ മഹത്വപ്പെടുത്തണമേ' എന്നൊരു വാക്യത്തിലാണ്. ഇത് വിചിത്രമായി തോന്നാം. സഹനങ്ങളും പിതാവിന്റെ നാമത്തിന്റെ മഹത്വവുമായി എന്തു ബന്ധം?

അതു പോലെ തന്നെ അമ്പരപ്പുളവാക്കുന്നതാണ് പിതാവിന്റെ പ്രതികരണവും. 'ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്വപ്പെടുത്തും!' പുത്രൻ ഭയാശങ്കകളാൽ നിലവിളിക്കുമ്പോൾ ഒരു പിതാവ് തന്റെ നാമത്തിന്റെ മഹത്വത്തെ കുറിച്ചാണ് പറയുന്നത്. ഇതിന്റെ അർത്ഥം മനസ്സിലാക്കാൻ നമുക്ക് ജോബിലേക്കും വി. പൗലോസിലേക്കും തിരിയണം. വി. അൽഫോൻസാമ്മയെയും വി. പാദ്രേ പിയോയെയും പോലെയുള്ള കത്തോലിക്കാ സഭയിലെ വിശുദ്ധർ പേർത്തും പേർത്തും പറഞ്ഞതും പറഞ്ഞുകൊണ്ടിരിക്കുന്നതും ഇതിന്റെ അർത്ഥമാണ്. സഹനത്തിന്റെ മറുപുറമാണു മഹത്വം എന്നു കാണണമെങ്കിൽ നാം നിത്യതയുടെ കാഴ്ചപ്പാടിൽ നിന്ന് നോക്കണം. വി. ജോൺ പോൾ മാർപാപ്പ പറയുന്നത് രക്ഷകനായ യേശു മനുഷ്യന്റെ സ്ഥാനത്തു നിന്ന് മനുഷ്യനു വേണ്ടി സഹിച്ചു എന്നാണ്. മനുഷ്യനു വേണ്ടി ക്രിസ്തു സഹിച്ചപ്പോൾ, ആ സഹനം വഴിയാണ് മനുഷ്യൻ പിതാവുമായി രമ്യപ്പെട്ടത്. ആ പുനഃസമാഗമത്തിന്റെ ആനന്ദത്തിലാണ്, ഗരിമയിലാണ് പിതാവിന്റെ നാമം മഹത്വപ്പെട്ടത്.

ഇതിന്റെ രഹസ്യം പൗലോസ് ശ്ലീഹാ പറഞ്ഞു തരുന്നു: 'നമുക്ക് വെളിപ്പെടാനിരിക്കുന്ന മഹത്വത്തോട് തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്നു ഞാൻ കരുതുന്നു.' സഹനവും മഹത്വവും തമ്മിലുള്ള ബന്ധമാണ് ശ്ലീഹാ ഇവിടെ വിശദമാക്കുന്നത്. പത്രോസ് പറയുന്നത് കൂടി ശ്രദ്ധിക്കുക: 'ക്രിസ്തുവിന്റെ പീഡകളിൽ പങ്കുകാരാകുന്നതിൽ നിങ്ങൾ

അഭിലാഷ് ഫ്രേസർ

അത്യധികം ആഹ്ലാദിക്കുവിൻ. അവന്റെ മഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും.' പത്രോസിന്റെ ഈ വാക്കുകൾ നാം ആദ്യം കണ്ട വചനവുമായി താരതമ്യം ചെയ്തു നോക്കുക. യേശുവിന്റെ സഹനത്തിൽ പിതാവ് മഹത്വപ്പെടുന്നു. ആ ക്രിസ്തുവിന്റെ പീഢകളിൽ നാം പങ്കുകാരാകുമെങ്കിൽ അവന്റെ മഹത്വം വെളിപ്പെടുമ്പോൾ നാം ആഹ്ലാദിക്കും. സഹനമാകുന്ന വേരിൽ പൂക്കുന്ന സൗഗന്ധികപുഷ്പമാണ് മഹത്വം. ഈ ചിന്ത ക്രൈസ്തവ വിശ്വാസത്തിന്റെ മാത്രം അനന്യതയാണ്.

ദുഃഖപൂരിതനായ യേശു

ഇന്നത്തെ സുവിശേഷം നൽകുന്ന മറ്റൊരു ചിന്ത ക്രിസ്തുവിന്റെ മാനുഷിക ബലഹീനതകളുടെ പ്രകാശനത്തെ കുറിച്ചാണ്. ഇത് എഴുതിയത് മനുഷ്യപുത്രനായ യേശുവിനെ ഏറ്റവും അടുത്തു നിന്നു വീക്ഷിക്കുകയും അനുഭവിക്കുകയും ചെയ്ത യോഹന്നാനാണെന്ന കാര്യം മനസ്സിൽ വയ്ക്കണം. ഒരു ക്ലാസിക്ക് നോവലിലെ കഥാപാത്രത്തെയെന്ന പോലെയാണ് യോഹന്നാൻ ദു:ഖപൂരിതനായ യേശുവിനെ അവതരിപ്പിക്കുന്നത്. 'ഇപ്പോൾ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു. ഞാൻ എന്തു പറയേണ്ടൂ?..' ഇത് ക്രിസ്തുവിന്റെ കെനോസിസിന്റെ ഭാഗമാണ്. ഇതിന്റെ അർത്ഥം ഗ്രഹിക്കണമെങ്കിൽ ഫിലിപ്പിയർക്കുള്ള ലേഖനം വായിക്കണം: 'ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു...'

വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു എന്ന വചനം ഗൗരവപൂർവം ഒരിക്കൽ കൂടി ധ്യാനിക്കേണ്ടതായുണ്ട്, ആത്മീയതയിൽ നിന്ന് മനുഷ്യത്വം മാറ്റിനിർത്തപ്പെടുന്ന ഈ കാലഘട്ടത്തിൽ. ക്രിസ്തു ഒരു പൂർണമനുഷ്യനായിരുന്നു എന്നു സഭ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. പാപമൊഴികെ എല്ലാ മാനുഷിക ബലഹീനതകളുമുണ്ടായിരുന്ന മനുഷ്യൻ. അതാണ് യാഥാർത്ഥമായ താദാത്മ്യം പ്രാപിക്കൽ. ക്രിസ്തു ആകുലപ്പെട്ടിരുന്നു, ഭയമെന്ന വികാരം അറിഞ്ഞിരുന്നു. ക്രിസ്തുവിനു കോപം വരുമായിരുന്നു. ആധ്യാത്മികതയെന്നാൽ മനുഷ്യത്വം നിഷേധിക്കലാണെന്ന് ചിന്തിക്കുകയും വാദിക്കുകയും ചെയ്യുന്നവർ ഈ സുവിശേഷഭാഗം വീണ്ടും ധ്യാനിക്കട്ടെ. തൊട്ടതും പിടിച്ചതുമെല്ലാം പാപമാണെന്നു മുദ്രകുത്തി മനുഷ്യനെ കുറ്റബോധത്തിലേക്ക് തള്ളിയിടുന്നവരും ക്രിസ്തുവിന്റെ ആത്മസംഘർഷങ്ങളെ ധ്യാനിക്കട്ടെ. ബലഹീനതകളുള്ള മനുഷ്യത്വത്തിൽ പൂക്കുന്ന ആത്മസമർപ്പണമാണ് പുണ്യമായി മാറുന്നത് എന്ന് ക്രിസ്തുവിന്റെ മാതൃക പഠിപ്പിക്കുന്നു. പച്ചമനുഷ്യനായി നിന്നു കൊണ്ട് ദൈവത്തിന്റെ ഇടനെഞ്ചിലേക്കുള്ള ഒരു ചായൽ. അതാണ് ക്രിസ്തു ചെയ്യുന്നത്. അപ്പോൾ മനുഷ്യത്വത്തിൽ ദൈവത്തിന്റെ നാമം മഹത്വപ്പെടുന്നു.

ഇടിമുഴക്കമോ?

ഈ സുവിശേഷഭാഗം നൽകുന്ന മൂന്നാമത്തെ ചിന്തയുടെ ആധാരം ഈ വചനങ്ങളാണ്: 'അവിടെ സന്നിഹിതരായിരുന്ന ജനക്കൂട്ടം ഇതു കേട്ടിട്ട്, ഇടിമുഴക്കമുണ്ടായി എന്നു പറഞ്ഞു. എന്നാൽ ചിലർ ഒരു ദൂതൻ അവനോട് സംസാരിച്ചു എന്ന് പറഞ്ഞു'. ലോകത്തിൽ രണ്ടു തരം മനുഷ്യരുണ്ട്. ആത്മീയമായതു പോലും ലൗകികമായി വ്യാഖ്യാനിക്കുന്നവരും സാധാരണ കാര്യങ്ങളിൽ പോലും ആത്മീയമായ അർത്ഥം അഥവാ ദൈവത്തിന്റെ കരം കണ്ടെത്തുന്നവരും. ഉദാഹരണത്തിന് അസാധാരണമായ ഒരു രോഗശാന്തി നടന്നുവെന്ന് കരുതുക. ചില മനുഷ്യർ അതിനു ശാസ്ത്രീയമായ വ്യാഖ്യാനങ്ങൾ ചമയ്ക്കും. നാച്ചുറലായ കാരണങ്ങൾ നിരത്തും. ഏതാനും വർഷങ്ങൾക്കു മുമ്പ് ഞാൻ ഒരു ഇംഗ്ലീഷ് പത്രത്തിൽ ഒരു ലേഖനം വായിച്ചു. അതിൽ വിസ്മയകരമായ വിധം മരണകരമായ ഒരു രോഗത്തിൽ നിന്നു രക്ഷപ്പെട്ട ഒരു വ്യക്തിയുടെ അനുഭവമാണ്. പ്രകൃത്യതീതമായ ഇടപെടൽ എന്ന് ഒരു വിധം ഉൾവെളിച്ചമുള്ളവരൊക്കെ സമ്മതിച്ചേക്കാവുംവിധമുള്ള തുടർസംഭവങ്ങൾ അയാളുടെ ജീവിതത്തിൽ നടക്കുന്നു. എന്നിട്ടും അയാൾ എല്ലാ കാര്യങ്ങൾക്കും ഭൗതികമായ കാരണങ്ങൾ കണ്ടെത്തുകയാണ്. അയാളെ സംബന്ധിച്ച് എല്ലാം ആകസ്മികതയാണ്. ഇതാണ് ദൈവസ്വരത്തെ ഇടമുഴക്കം എന്നൊരു പ്രകൃതി പ്രതിഭാസമായി വ്യാഖ്യാനിക്കുന്ന ആളുകൾ നൽകുന്ന സൂചന.

ഒരൽപം ഉൾക്കാഴ്ചയോടെ ഒന്നാലോചിച്ചു നോക്കിയാൽ, ഈ പ്രപഞ്ചത്തിന്റെ ഘടനയിലും അതിന്റെ പ്രവർത്തനത്തിലും എന്തിനു പറയുന്നു, മനുഷ്യശരീരത്തിലെ അവയവങ്ങളിൽ പോലും ദൈവത്തിന്റെ കരം ഒരാൾക്ക് കണ്ടെത്താൻ കഴിയും. വർഷങ്ങളായി എന്നെ ചികിത്സിക്കുന്ന നെഫ്രോളജിസ്റ്റ് ഡോ. എബി എബ്രഹാമിനോട് ഞാൻ ഒരിക്കൽ ചോദിച്ചു, ഈ അടുത്ത കാലത്തു കൃത്രിമ വൃക്കകൾ നിലവിൽ വരുമോ എന്ന്. അതിന് അദ്ദേഹം പറഞ്ഞ മറുപടി, മനുഷ്യവൃക്കയുടെ അതിസങ്കീർണതയെ കുറിച്ചു വിശദീകരിച്ചു കൊണ്ടായിരുന്നു. രക്തം ശുദ്ധീകരിക്കൽ മാത്രമല്ല വൃക്കയുടെ ധർമം. ഹീമോഗ്ലോബിന്റെ അളവ് നിർണയിക്കുന്ന എരിത്രോപോയറ്റിൻ ഉത്പാദിപ്പിക്കുന്നതുൾപ്പെടെ നിരവധി പ്രവർത്തനങ്ങൾ വൃക്ക നിർവഹിക്കുന്നുണ്ട്. അതിസങ്കീർണവും അതിസൂക്ഷ്മവുമാണ് അതിന്റെ ഘടന. ദൈവത്തിന്റെ സൃഷ്ടിവൈഭവത്തിലേക്കാണ് ഡോ. എബി അന്ന് വിരൽ ചൂണ്ടിയത്. ഇത്തരം ഉൾക്കാഴ്ചയുള്ളവരാണ് ഈ സുവിശേഷ ഭാഗത്ത് നാം കാണുന്ന രണ്ടാമത്തെ കൂട്ടർ. അവർ ദൈവസ്വരത്തെ വ്യാഖ്യാനിക്കുന്നത് ഒരു ദൂതന്റെ സ്വരമായിട്ടാണ്. ആദ്യത്തെ കൂട്ടരെ പോലെയല്ല അവർ. അവർക്ക് ഉൾക്കാഴ്ചയും ആന്തരിക ജ്ഞാനവുമുണ്ട്. ദൈവിക കാര്യങ്ങളിൽ മാത്രമല്ല, സ്വാഭാവിക കാര്യങ്ങളിൽ പോലും ദൈവത്തിന്റെ കരം കാണാനും സ്വരം കേൾക്കാനും അവർക്ക് സാധിക്കുന്നു.

ഈ ഉൾക്കാഴ്ച തന്നെയാണ് ഭൂമിയിലെ സഹനങ്ങളിൽ ദൈവിക മഹിമ കാണാൻ നമ്മെ പ്രാപ്തരാക്കുന്നത്. ഇതേ ഉൾക്കാഴ്ച തന്നെയാണ് മനുഷ്യത്വത്തിൽ പൂക്കുന്ന ദൈവികതയുടെ സൗന്ദര്യം കണ്ടെത്താൻ നമുക്ക് ശക്തി നൽകുന്നത്. നമ്മൾ പൂർണ മനുഷ്യരാണ് (പൂർണതയുള്ള മനുഷ്യർ എന്ന അർത്ഥത്തിലല്ല). അപ്പോൾ തീർച്ചയായും ജീവിതത്തിൽ സഹനങ്ങളുണ്ടാകും. ആ സഹനങ്ങളെ ക്രിസ്തുവിന്റെ രക്ഷാകരസഹനങ്ങളോട് ചേർത്തു വച്ചു കാണാൻ ഈ ആദ്ധ്യാത്മികവെട്ടം നമുക്കാവശ്യമാണ്.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com